(ബി) അവരുടെ ജീവിതനിലവാരം ഉയർത്തുന്നതിനു വേണ്ടി എന്തെങ്കിലും വ്യവസായം സംഘടിപ്പിക്കുന്നതിനു ഗവണ്മെന്റ് സത്വര നടപടി സ്വീകരിക്കുമോ?

ഉത്തരം.

(എ) ആലോചിക്കാം.

(ബി) അതിന്റെ സാദ്ധ്യതകളെപ്പറ്റി അന്വേഷിച്ചു വേണ്ടതു ചെയ്യാം.

Graduate Teachers

154 [24] SHRI T. T. DANIEL: Will the Minister for Education be pleased to state:

(*a*) how many graduate teachers are employed in the acceded schools in the Taluk of Thovala, Nagercoil Town, Agasteeswaram, Kalkulam and Vilavancode;

(*b*) has the Government decided to give the same dearness allowances to these teachers as the Government graduate teachers;

(*c*) if not what is the amount the Government has decided to give as dearness allowance to these teachers?

Answer.

(*a*) 198

(*b*) The question of revising the rate of dearness allowance for private school teachers is under the condsideration of Government.

(*c*) Does not arise in view of answer to (b) above.

കാളനൈസേഷൻ ഹൗസിംഗ് സ്കീം.

155. [26] ശ്രീ. കെ. എ. ശിവരാമഭാരതി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാളനൈസേഷൻ സ്കീമോ, ഹൗസിംഗ് സ്കീമോ ചിറയർ താലൂക്കിൽ എവിടെയെങ്കിലും തുടങ്ങിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എവിടെയെല്ലാം ;

(സി) ഇല്ലെങ്കിൽ ഗവണ്മെന്റ് ഇതു സംബന്ധിച്ച് വേണ്ടതു ചെയ്യുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ചിറയർ പ്രകൃതിയിൽ 1·95 ഏക്കർ സ്ഥലം ഭവനനിർമ്മാണപദ്ധതിക്കായി ഗവണ്മെന്റ് പൊന്നുംവിലയ്ക്ക് എടുക്കാൻ തീരുമാനിച്ചിട്ടുണ്ട്. അതു സംബന്ധിച്ച തീരുമാനനടപടികൾ തുടർന്നുവരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly

(സി) മകളിൽ കാണുന്ന ഉത്തരങ്ങളുടെ വെളിച്ചത്തിൽ ഈ ചോദ്യം ഉദിക്കുന്നില്ല.

ഗവണ്മെൻറ ജീവനക്കാരുടെ ശമ്പള പരിഷ്കരണം.

156. [27] ശ്രീ. എൻ. ചന്ദ്രശേഖരൻ നായർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിലെ ഗവണ്മെൻറ ജീവനക്കാരുടെ ശമ്പളം പരിഷ്കരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതു തീയതി മുതലാണെന്നുള്ളതു് വ്യക്തമാക്കുമോ;

(സി) പരിഷ്കരിച്ച ശമ്പളം കൊടുത്തിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ കാരണമെന്താണെന്നു് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ടു്.

(ബി) 1-4-1955 മുതൽ

(സി) ഉണ്ടു്.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

കുത്തകപ്പാട്ടം

157. [28] ശ്രീ. എം. എം. മത്തായി: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെങ്ങന്നൂർ കീഴ്ചേരിമേൽ റോഡരികിലുള്ള 18 സെൻറസ്ഥലം 12 കൊല്ലത്തേയ്ക്കു് ഐയ്പു് കൊച്ചയ്പു് എന്നൊരു ധനികനു് കുത്തകപ്പാട്ടത്തിനു കൊടുത്തിട്ടുണ്ടോ;

(ബി) പ്രസ്തുത സ്ഥലത്തു് എത്ര കുടിതാമസക്കാരുണ്ടു്;

(സി) അവിടെ താമസിക്കുന്ന 100-ൽപ്പരം അംഗങ്ങളുള്ള 12 കുടുംബങ്ങളെ ഇറക്കിവിടാൻ സിവിലും, ക്രിമിനലുമായ നടപടികൾ പൂർത്തിയായിവരുന്നുണ്ടെന്നുള്ള വിവരം അറിയാമോ;

(ഡി) കുടിതാമസക്കാർക്കുംതന്നെ വേറെ സ്വന്തമായി ഒരു സെൻറ സ്ഥലംപോലും ഇല്ലാത്തവരല്ലേ;

(ഈ) ഐയ്പു് കൊച്ചയ്യുടേയും 8 സെൻറ് സ്ഥലത്തിൻെറ അനുഭവത്തിനു് ഈ പതിനെട്ടു സെൻറ സ്ഥലംകൂടി വേണമെന്നുള്ള കാരണം പറഞ്ഞാണോ അയാൾക്കു് ഈ സ്ഥലം പതിച്ചുകൊടുത്തതു്;

(എഫ്) ഈ സ്ഥലത്തു് കുടിതാമസക്കാരനായ രാമൻപിള്ള എന്ന ഒരു സാധുവിൻെറ പേരിലുള്ള കുത്തകപ്പാട്ടം റദ്ദു ചെയ്യാണോ ഐയ്യു കൊച്ചയ്യുക്കു് ലേലംകൂടാതെ ഈ സ്ഥലം കുത്തകപ്പാട്ടത്തിനു് കൊടുത്തതു്;

(ജി) ഈ സ്ഥലത്തു് കുടികിടപ്പുകാർ ഐയ്പ കൊച്ചയ്യുടെ പേരിലുള്ള കുത്തകപ്പാട്ടം റദ്ദുചെയ്തു് അവരെ അവിടെ കുടിപാർക്കാൻ

LIBRARY ARCHIVES Kerala Legislative Assembly